III.ഇ.ബി./XII-കേരള നിയമസഭ/II-10.

# പന്ത്രണ്ടാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

## നിയമസഭാ നടപടികളുടെ ചുരുക്കം

**2006 ഒക്ടോബർ 5, വ്യാഴം**

നിയമസഭ രാവിലെ 8.30–ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ.രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

I. ചോദ്യങ്ങൾ

വാങ്മൂലം മറുപടി നൽകാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ രണ്ടെണ്ണം (*331 & * 332) സഭയിൽ ഉന്നയിക്കുകയും, അവയ്ക്ക് ബന്ധപ്പെട്ട മന്ത്രിമാർ മറുപടി നൽകുകയും ചെയ്തു.

II. ശ്രദ്ധ ക്ഷണിക്കൽ

(1) സംസ്ഥാനത്തെ പൊതുമരാമത്ത് വകുപ്പിന്റെ പരിധിയിൽ വരുന്ന റോഡുകളുടെ ശോച്യാവസ്ഥയെ സംബന്ധിച്ച് ശ്രീ. സി.ടി. അഹമ്മദ് അലി മരാമത്ത് വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുകയും മന്ത്രി അതിന് മറുപടി നൽകുകയും ചെയ്തു.

(2) ഈറ്റത്തൊഴിലാളികൾ നേരിടുന്നതായി പറയപ്പെടുന്ന പ്രശ്നങ്ങളിലേയ്ക്ക് ശ്രീ. മാങ്കോട് രാധാകൃഷ്ണൻ വ്യവസായ വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുകയും മന്ത്രി അതിന് മറുപടി നൽകുകയും ചെയ്തു.

III. റൂൾ 300 അനുസരിച്ചുള്ള പ്രസ്താവന

സംസ്ഥാനത്ത് പടർന്നുപിടിച്ചുകൊണ്ടിരിക്കുന്ന ചിക്കുൻഗുനിയ നിയന്ത്രിക്കുന്നതിനായി 4-10-2006-ന് മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ചേർന്ന സർവ്വകക്ഷിയോഗത്തിൽ കൂട്ടായി എടുത്ത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ചിക്കുൻഗുനിയ രോഗത്തെ പ്രതിരോധിക്കുന്നതിന് ലക്ഷ്യമിട്ടുകൊണ്ട് 2006 ഒക്ടോബർ 7 മുതൽ 13 വരെ തീയതികളിൽ സംസ്ഥാന വ്യാപകമായി നടപ്പാക്കുന്ന 'മാലിന്യവിമുക്ത കേരളം' എന്ന തീവ്രയത്ന പരിപാടിയെ സംബന്ധിച്ച് മുഖ്യമന്ത്രി പ്രസ്താവന നടത്തി.

IV. പ്രത്യേക പരാമർശം

കേരളത്തിൽ ചിക്കുൻഗുനിയ ബാധിച്ച് 303 പേർ ഇതിനോടകം മരണപ്പെടുകയും സംസ്ഥാനത്ത് വ്യാപകമായിക്കൊണ്ടിരിക്കുന്ന ചിക്കുൻഗുനിയ രോഗത്തെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് നിയുക്തരായിട്ടുള്ള കേന്ദ്ര പഠനസംഘം 4-10-2006-നാണ് കേരളത്തിലെത്തിയതെങ്കിലും അവർ കേന്ദ്രസർക്കാരിന് പഠന റിപ്പോർട്ട് സമർപ്പിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ കേന്ദ്ര ആരോഗ്യവകുപ്പുമന്ത്രി കേരളത്തിൽ ചിക്കുൻഗുനിയ പിടിപെട്ട് മരണമൊന്നും സംഭവിച്ചിട്ടില്ലെന്ന് മാദ്ധ്യമങ്ങളോട് പ്രസ്താവന നടത്തിയിരിക്കുന്നത് യാഥാർത്ഥ്യങ്ങൾ ഉൾക്കൊള്ളാതെയാണെന്നും ഇക്കാര്യത്തിലുള്ള സംസ്ഥാന ഗവൺമെന്റിന്റെ വികാരം കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തണമെന്ന് ശ്രീ.കെ.എം. മാണി മുഖ്യമന്ത്രിയോടാവശ്യപ്പെടുകയും സംസ്ഥാന സർക്കാരിന്റെ ഇക്കാര്യത്തിലുള്ള പ്രതിഷേധം പ്രധാനമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താമെന്ന് മുഖ്യമന്ത്രി സഭയെ അറിയിക്കുകയും ചെയ്തു.

V. സബ്മിഷൻ

(1) പാഠ്യപദ്ധതിയിൽ മാതൃഭാഷാ പഠനത്തിന്റെ പ്രാധാന്യം സംബന്ധിച്ച് ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ ഉന്നയിച്ച സബ്മിഷന് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി മറുപടി നൽകി.

(2) കോട്ടയം ടെക്സ്റ്റൈൽസിലെ തൊഴിലാളികൾ നടത്തിവരുന്ന സമരം സംബന്ധിച്ച് ശ്രീ. പി.സി. ജോർജ് ഉന്നയിച്ച സബ്മിഷന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി മറുപടി നൽകി.

(3) കശുവണ്ടി വ്യവസായമേഖല നേരിടുന്ന പ്രതിസന്ധി സംബന്ധിച്ച് ശ്രീ. ബി. രാഘവൻ ഉന്നയിച്ച സബ്മിഷന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി മറുപടി നൽകി.

(4) മാവേലിക്കരയിൽ നടപ്പിലാക്കിയ 'സഡക് യോജന' പദ്ധതി സംബന്ധിച്ച് ശ്രീ.എം. മുരളി ഉന്നയിച്ച സബ്മിഷന് തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി മറുപടി നൽകി.

(5) പടിഞ്ഞാറെ കല്ലടയിലെ വെട്ടിയതോട് പാലം പുതുക്കി നിർമ്മിക്കേണ്ടത് സംബന്ധിച്ച് ശ്രീ. കോവൂർ കുഞ്ഞുമോൻ ഉന്നയിച്ച സബ്മിഷന് മരാമത്തു വകുപ്പുമന്ത്രി മറുപടി നൽകി.

(6) ഇടുക്കി മണ്ഡലത്തിൽപ്പെട്ട പ്രദേശങ്ങളിലുണ്ടാകുന്ന കാട്ടുമൃഗങ്ങളുടെ ആക്രമണം സംബന്ധിച്ച് ശ്രീ. റോഷി അഗസ്റ്റിൻ ഉന്നയിച്ച സബ്മിഷന് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി മറുപടി നൽകി.

(7) കൊട്ടാരക്കര തമ്പുരാൻ ക്ളാസിക്കൽ മ്യൂസിയം സംരക്ഷിക്കുന്നത് സംബന്ധിച്ച് ശ്രീമതി പി. അയിഷാ പോറ്റി ഉന്നയിച്ച സബ്മിഷന് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി മറുപടി നൽകി.

(8) വനിതാ സെല്ലുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കി സ്ത്രീ പീഡനക്കേസുകൾക്ക് പരിഹാരം ഉണ്ടാക്കുന്നത് സംബന്ധിച്ച് ശ്രീമതി ജെ. അരുന്ധതി ഉന്നയിച്ച സബ്മിഷന് ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി മറുപടി നൽകി.

(9) പറവൂർ മണ്ഡലത്തിൽപ്പെട്ട തിരുനെല്ലൂർ മഹാദേവ ക്ഷേത്രത്തിൽ നടന്ന മോഷണം സംബന്ധിച്ച് ശ്രീ. വി.ഡി. സതീശൻ ഉന്നയിച്ച ഉന്നയിച്ച സബ്മിഷന് ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി മറുപടി നൽകി.

(10) കളമശ്ശേരിയിലെ എച്ച്.എം.ടി. എന്ന സ്ഥാപനം നേരിടുന്ന പ്രതിസന്ധി സംബന്ധിച്ച് ശ്രീ.എ.എം. യൂസഫ് ഉന്നയിച്ച സബ്മിഷന് വ്യവസായ വകുപ്പുമന്ത്രി മറുപടി നൽകി.

(11) ഹരിപ്പാട് കെ.എസ്.യു. പ്രവർത്തകന്റെമേൽ മന്ത്രിയുടെ എസ്കോർട്ട് വാഹനം ഇടിച്ച സംഭവത്തെക്കുറിച്ച് ശ്രീ. ബി. ബാബുപ്രസാദ് ഉന്നയിച്ച സബ്മിഷന് ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി മറുപടി നൽകി.

(12) സംസ്ഥാനത്ത് ഉണ്ടായിട്ടുള്ള പാചകവാതക ക്ഷാമം സംബന്ധിച്ച് ശ്രീ. പള്ളിപ്രം ബാലൻ ഉന്നയിച്ച സബ്മിഷന് ഭക്ഷ്യവും സിവിൽ സപ്ളൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി മറുപടി നൽകി.

(13) കാസർകോട് ഗവൺമെന്റ് കോളേജ് യൂണിയൻ തെരഞ്ഞെടുപ്പിനോടനുബന്ധിച്ച് ഇരുവിഭാഗം വിദ്യാർത്ഥികൾ തമ്മിലുണ്ടായ അക്രമങ്ങളെക്കുറിച്ച് ശ്രീ.സി.ടി. അഹമ്മദ് അലി ഉന്നയിച്ച സബ്മിഷന് ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി മറുപടി നൽകി.

(14) ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള റേഷൻകാർഡുടമകൾക്ക് 3 രൂപ നിരക്കിൽ നൽകിവന്നിരുന്ന ഭക്ഷ്യസൗജന്യം തുടർന്നും നൽകണമെന്ന ആവശ്യം സംബന്ധിച്ച് ശ്രീ.കെ. ബാബു ഉന്നയിച്ച സബ്മിഷന് ഭക്ഷ്യവും സിവിൽ സപ്ളൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി മറുപടി നൽകി.

(15) ഉടുമ്പൻചോല താലൂക്കിലെ ചിന്നക്കനാൽ ആദിവാസികോളനി നിവാസികൾ നേരിടുന്ന കാട്ടാനശല്യത്തിന് പരിഹാരമുണ്ടാക്കണമെന്ന ആവശ്യം സംബന്ധിച്ച് ശ്രീ.കെ.കെ. ജയചന്ദ്രൻ ഉന്നയിച്ച സബ്മിഷന് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി മറുപടി നൽകി.

(16) വേമ്പനാട് കായലിലെ ഡ്രെഡ്ജിംഗ്മൂലം കക്കതൊഴിലാളികൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾക്ക് പരിഹാരമുണ്ടാക്കേണ്ടതിന്റെ ആവശ്യകത യെക്കുറിച്ച് ശ്രീ.ടി.എൻ. പ്രതാപൻ ഉന്നയിച്ച സബ്മിഷന് വ്യവസായ വകുപ്പുമന്ത്രി മറുപടി നൽകി.

(സർവ്വശ്രീ പി. തിലോത്തമനും എ.എം. ആരിഫും ഇതേ വിഷയം സബ്മിഷനായി അനുവദിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു.)

## VI. റിപ്പോർട്ട് സമർപ്പണം

അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ ഒന്നാമത് റിപ്പോർട്ട് സമർപ്പിച്ചു.

VII. ധനകാര്യം

## 2006–2007 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

എക്സൈസ് എന്ന VIII–ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 29,00,73,000 രൂപയും തൊഴിലും തൊഴിലാളി ക്ഷേമവും എന്ന XXIV–ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 64,06,26,000 രൂപയും 2006-2007 സാമ്പത്തികവർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം തൊഴിലും എക്സൈസും വകുപ്പുമന്ത്രി അവതരിപ്പിക്കുകയും നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി പ്രമേയത്തെ പിന്താങ്ങുകയും ചെയ്തു.

VIII, XXIV എന്നീ നമ്പർ ധനാഭ്യർത്ഥനകളിന്മേലുള്ള സബ്ജക്ട് കമ്മിറ്റി ശുപാർശകൾ സംബന്ധിച്ച ചട്ടം 236(3) അനുസരിച്ചുള്ള പ്രസ്താവന ധനകാര്യ വകുപ്പുമന്ത്രി സഭയുടെ മേശപ്പുറത്ത് വച്ചു.

സർവ്വശ്രീ എം.എ. വാഹീദ്, ജോർജ് മേഴ്സിയർ, കെ.ബാബു, കെ.സി. ജോസഫ്, അടൂർ പ്രകാശ്, തേറമ്പിൽ രാമകൃഷ്ണൻ, കെ. മുഹമ്മദുണ്ണി ഹാജി, എം. ഉമ്മർ, വി.കെ. ഇബ്രാഹിം കുഞ്ഞ്, സി.ടി. അഹമ്മദ് അലി, തോമസ് ഉണ്ണിയാടൻ, തോമസ് ചാണ്ടി, തോമസ് ചാഴികാടൻ, വി.ഡി. സതീശൻ, കെ. സുധാകരൻ എന്നീ അംഗങ്ങൾ ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ചു.

ധനാഭ്യർത്ഥന ചർച്ചയിൽ താഴെപ്പറയുന്ന അംഗങ്ങൾ പങ്കെടുത്തു:

(1) ശ്രീ. കെ. ബാബു

(2) ശ്രീ. എ.എം. യൂസഫ്

(3) ശ്രീ. എം. ഉമ്മർ

(4) ശ്രീ.എ.കെ. ചന്ദ്രൻ

(5) ശ്രീ. തോമസ് ഉണ്ണിയാടൻ

(6) ശ്രീ. ജോസ് തെറ്റയിൽ

(7) ശ്രീ. വി. സുരേന്ദ്രൻപിള്ള

(8) ശ്രീ. എ.എ. അസീസ്

(9) ശ്രീ. പി.സി. ജോർജ്

(10) ശ്രീ. മഞ്ഞളാംകുഴി അലി

(11) ശ്രീ. എസ്. രാജേന്ദ്രൻ

(12) ശ്രീ. ടി.എൻ. പ്രതാപൻ

(13) ശ്രീ.എം.കെ. പുരുഷോത്തമൻ

(14) ശ്രീ. കെ.കെ. ഷാജു

(15) ശ്രീമതി ഇ.എസ്. ബിജിമോൾ

(16) ശ്രീ. ബാബു എം. പാലിശ്ശേരി

(17) ശ്രീ. ആര്യാടൻ മുഹമ്മദ്

ധനാഭ്യർത്ഥന ചർച്ചയ്ക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും തൊഴിലും എക്സൈസും വകുപ്പുമന്ത്രിയും മറുപടി പറഞ്ഞു.

ഖണ്ഡനോപക്ഷേങ്ങൾ സഭ നിരാകരിച്ചു.

ധനാഭ്യർത്ഥനകൾ സഭ 28–നെതിരെ 70 വോട്ടുകളോടെ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

(2006 ഒക്ടോബർ മാസം 6–ാം തീയതി വെള്ളിയാഴ്ച രാവിലെ 8.30–ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ വൈകുന്നേരം 4.22–ന് പിരിഞ്ഞു.)